(ബി) ഇത്തരം ഭക്ഷണശാലകൾക്ക് എന്തെല്ലാം ഇളവുകൾ നൽകുമെന്നായിരുന്നു ബജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് ; ഇത് നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് എത്ര മാവേലി ന്യായവില ഭക്ഷണശാലകൾ ആരംഭിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സാധാരണക്കാരായ ആളുകൾക്ക് പ്രത്യേകിച്ച് തൊഴിലാളി വിഭാഗങ്ങൾക്ക് കുറഞ്ഞ ചെലവിൽ ഭക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യപ്രാപ്തിക്കുവേണ്ടി 20 രൂപ നിരക്കിൽ ഭക്ഷണം നൽകുക എന്നതായിരുന്നു ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. പദ്ധതിയുടെ നടത്തിപ്പ്, കുടുംബശ്രീ, ജനശ്രീ, ഗൃഹശ്രീ തുടങ്ങിയ മഹിളാ സംഘടനകളിൽകൂടി നടപ്പിലാക്കാനും ഹോട്ടലുകളിലെ കെട്ടിട വാടക, ഇലക്ട്രിസിറ്റി, വാട്ടർ ചാർജ് എന്നിവയ്ക്കായി പ്രതിവർഷം 5 ലക്ഷം രൂപവരെ സർക്കാർ ഗ്രാന്റായി നൽകാമെന്നും തീരുമാനിച്ചിരുന്നു. ഇതിനുപുറമേ പ്രതിവർഷം 50,000 രൂപ മാനേജീരിയൽ സബ്സിഡിയും വിവിധ സർക്കാർ ഏജൻസികൾവഴി ഭക്ഷ്യധാന്യങ്ങൾ, പലവ്യഞ്ജനം, പച്ചക്കറികൾ, മത്സ്യം തുടങ്ങിയവ ന്യായവിലയ്ക്കും സൗജന്യ നിരക്കിൽ ഗ്യാസ് കണക്ഷനും ലഭ്യമാക്കുന്നതാണ്.

(സി) 52 ന്യായവില ഭക്ഷണശാലകൾ ആരംഭിച്ചിരുന്നു. നിലവിൽ മാവേലി ന്യായവില ഭക്ഷണശാലകൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല.

പഹൽ സ്കീം

198 (1231) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൽ.പി.ജി. ഉപഭോക്താക്കളിൽ എത്ര ശതമാനംപേർ "പഹൽ " സ്കീമിൽ അംഗങ്ങളായുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അർഹതയുള്ള എല്ലാ ഉപഭോക്താക്കളെയും പ്രസ്തുത പദ്ധതിക്കു കീഴിൽ കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എൽ.പി.ജി. സിലിണ്ടറുകൾ യഥാസമയം വിതരണം ചെയ്യുന്നതിൽ ഗ്യാസ് ഏജൻസികൾ കാണിക്കുന്ന അലംഭാവം തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് ; വിവരം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അവശ്യ സർവ്വീസ് നിയമത്തിന്റെ പരിധിയിൽ വരുന്നുണ്ടെങ്കിലും പ്രസ്തുത നിയമത്തെ പാടേ അവഗണിച്ചുകൊണ്ട് ഈ മേഖലയിൽ ഉണ്ടാകുന്ന സമരങ്ങളും മറ്റുംമൂലം ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ട്; വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഉപഭോക്താക്കളിൽ 88.01% പേർ 'പഹൽ' സ്കീമിൽ അംഗങ്ങളായുണ്ടെന്ന് സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള പദ്ധതി പ്രകാരം ആധാർ ഇല്ലാത്ത ഉപഭോക്താക്കൾക്കും സബ്സിഡി ലഭിക്കാൻ അർഹതയുണ്ട്. അതിനുവേണ്ടി ഉപഭോക്താക്കൾ അവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഗ്യാസ് ഏജൻസികളിൽ നൽകുകയോ അല്ലെങ്കിൽ എൽ.പി.ജി. നമ്പർ ബാങ്കുകളിൽ നൽകുകയോ ചെയ്താൽ സബ്സിഡി ലഭിക്കുന്നതാണ് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(സി&ഡി) എൽ.പി.ജി.-യുടെ ട്രാൻസ്പോർട്ടേഷനും വിതരണവും ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനങ്ങളും കേരള എസൻഷ്യൽ സർവ്വീസസ് മെയിന്റനൻസ് ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എൽ.പി.ജി. ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനത്തിലുള്ള പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരം കാണുവാനും ആവശ്യാനുസൃതമായി സിലിണ്ടറുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കണമെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്ററോട് ആവശ്യപ്പെട്ടിട്ടുണ്ട്. പാചകവാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങളും പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ സഹിതം വിശദമായ ശിപാർശ സമർപ്പിക്കാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ബി.പി.എൽ. റേഷൻ കാർഡുടമകളുടെ വിവരങ്ങൾ

199 (1232) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തിൽ കേരളത്തിൽ എത്ര ബി.പി.എൽ. റേഷൻ കാർഡുടമകൾ ഉണ്ടായിരുന്നു ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly